"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് -ജീവനക്കാര്യം -എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനിടെ മറ്റൊരു വ്യക്തിയുടെ ആക്രമണത്തിനിരയായ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ഇ.എസ്.ജയ്മോന്റെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും സർക്കാർ വഹിക്കുമെന്ന് വ്യക്തമാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.442/2025/TAXES തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 20.03.2025- ലെ ഇ.എക്സ്.സി/1434 -എക്സ്.ഇ6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിന്റെ ഭാഗമായി നടത്തിയ ഓപ്പറേഷൻ ക്ലീൻ സ്റ്റേറ്റിന്റെ ഭാഗമായുള്ള ഡ്യൂട്ടിക്കിടെ സംഭവിച്ച അതീവഗുരുതരമായ അപകടത്തെതുടർന്ന് വയനാട് ഡിവിഷനിലെ മാനന്തവാടി എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ഇ.എസ്.ജെയ്മോൻ-ന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയ്ക്ക് നടത്തിയ സർജ്ജറിക്കും തുടർന്ന് നടത്താനുള്ള സർജ്ജറിയ്ക്കും തുടർചികിത്സകൾക്കുമായി ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന 22,00,000/- (ഇരുപത്തി രണ്ട് ലക്ഷം) രൂപ ടിയാന് പ്രത്യേക അടിയന്തര സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനിടെ മറ്റൊരു വ്യക്തിയുടെ ആക്രമണത്തിനിരയായാണ് ശ്രീ.ഇ.എസ്.ജയ്മോൻ-ന് പരിക്കുപറ്റിയിട്ടുള്ളത് എന്ന സവിശേഷ സാഹചര്യം കണക്കിലെടുത്ത് ഇത്തരം കേസുകളിൽ ചികിത്സാ ചെലവുകൾ സർക്കാർ വഹിക്കേണ്ടത് ധാർമികമായ അനിവാര്യതയും ജീവനക്കാരിൽ മനോവീര്യം വർദ്ധിപ്പിക്കുന്നതിന് അത്യാവശ്യമുള്ള സംഗതിയും ആയതിനാൽ വയനാട് ഡിവിഷനിലെ മാനന്തവാടി എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ഇ.എസ്.ജയ്മോന്റെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും സർക്കാർ വഹിക്കുമെന്ന് വ്യക്തമാക്കിയും, ആയതിലേക്കായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചും ഇതിനാൽ ഉത്തരവാകുന്നു.

i) എക്സൈസ് കമ്മീഷണറേറ്റിന്റെ 34- 3 NV ശീർഷകത്തിൽ നിന്നും 10 ലക്ഷം രൂപ

അടിയന്തരമായി അനുവദിച്ച നൽകേണ്ടതാണ് .

ii)ഈ തുക ഹോസ്പിറ്റൽ ബിൽ ഇനത്തിൽ ഹോസ്പിറ്റലിന്റെ അക്കൗണ്ടിലേക്ക് എക്സൈസ് കമ്മീഷണർ പുറപ്പെടുവിക്കുന്ന നടപടി ക്രമം പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകാൻ അനുമതി നൽകുന്നു.

iii)ഹോസ്പിറ്റൽ ബില്ലിന്റെ അസ്സൽ പകർപ്പുകൾ സഹിതം സർക്കാരിലേക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും, അപ്രകാരം ബാക്കി ആവശ്യമായി വരുന്ന തുക അനുവദിയ്ക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.

2.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ് (3120295 EXP-B1/227/2025-FIN dated 01.05.2025).

4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).

5.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 09-05-2025 14:42:25

സെക്ഷൻ ഓഫീസർ